(ഇ) ഒഫ്താൽമിക് അസിസ്റ്റന്റുമാരുടെ തസ്തികയുടെ പേര് മാറ്റത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അപേക്ഷ നൽകിയത് ആരൊക്കെ ;

(എഫ്) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ജി) ഒഫ്താൽമിക് അസിസ്റ്റന്റ്/റിഫ്രാക്ഷനിസ്റ്റ്/ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ പേരുമാറ്റവുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രേഡ് II, ഗ്രേഡ് I, സീനിയർ ഗ്രേഡ്

(ബി) ആരോഗ്യവകുപ്പിൽ ഓരോ ഗ്രേഡിലും താഴെ പറയുന്ന പ്രകാരം ജീവനക്കാർ ജോലി ചെയ്യുന്നു.

| | | |
|---|---|---|
| സീനിയർ ഗ്രേഡ് | - | 66 |
| ഗ്രേഡ് I | - | 132 |
| ഗ്രേഡ് II | - | 133 |

ആരോഗ്യവകുപ്പിലെ സ്ഥാപനം/ഗ്രേഡ് തിരിച്ചുള്ള വിവരവും, മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽനിന്നുള്ള വിവരവും ശേഖരിച്ച് നൽകുന്നതാണ്.

(സി&ഡി) നിലവിലുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവനുസരിച്ച് ഗ്രേഡ് I പ്രമോഷനോ അല്ലെങ്കിൽ 8 വർഷം തികയുമ്പോൾ ആദ്യത്തെ ഗ്രേഡിനും അല്ലെങ്കിൽ പതിനാറു വർഷം തികയുമ്പോൾ രണ്ടാമത്തെ ഗ്രേഡിനും 23-ാം വർഷത്തിൽ മൂന്നാം ഗ്രേഡിനും അർഹതയുണ്ട്. ഗ്രേഡിന് അർഹതയുള്ള വർക്ക് വകുപ്പുതലവന്റെ ശുപാർശ അനുസരിച്ച് ഗ്രേഡ് അനുവദിച്ചുവരുന്നുണ്ട്.

(ഇ-ജി) ഒഫ്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നീ തസ്തികകളുടെ പേരുമാറ്റുന്നതിന് സർക്കാരിൽ ലഭിച്ച അപേക്ഷകളുടെ വെളിച്ചത്തിൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ആരോഗ്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദമായ ചർച്ചനടത്തി. ഇക്കാര്യത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഒഫ്താൽമിക് അസിസ്റ്റന്റ് നിയമനം നടത്താൻ നടപടി**

**50 (1776)** ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.എച്ച്.എസ്./ഡി.എം.ഇ.യുടെകീഴിൽ ഒഫ്താൽമിക് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) ഡി.എം.ഇ./ഡി.എച്ച്.എസ്. വകുപ്പുകളിൽ എത്ര ഒഫ്താൽമിക് അസിസ്റ്റന്റ്/ഒപ്ടോമെട്രിസ്റ്റ്/റിഫ്രാക്ഷനിസ്റ്റ് തസ്തികകൾ നിലനിൽക്കുന്നു ; ഗ്രേഡ്/തസ്തിക തിരിച്ചുള്ള പൂർണ്ണവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വകുപ്പുകളിൽ ഒഫ്താൽമിക് അസിസ്റ്റന്റ്, ഒപ്ടോമെട്രിസ്റ്റ്/റിഫ്രാക്ഷനിസ്റ്റ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നു ; സ്ഥാപനം തിരിച്ചുള്ള പൂർണ്ണവിവരം വിശദമാക്കുമോ ;

(ഡി) ഈ തസ്തികകളിൽ നിലവിലുള്ള ഒഴിവിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡി.എച്ച്.എസ്-ന്റെകീഴിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 29-12-2010-ൽ റാങ്ക് ലിസ്റ്റ് നിലവിൽവന്നു. ഡി.എം.ഇ.-യുടെ വിവരംശേഖരിച്ചുനൽകുന്നതാണ്.

(ബി) ആരോഗ്യവകുപ്പിൽ ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള ഒഫ്താൽമിക് അസിസ്റ്റന്റുമാരുടെ ഗ്രേഡ് തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| ഗ്രേഡ് I | - | 133 |
| ഗ്രേഡ് II | - | 132 |
| സീനിയർ ഗ്രേഡ് | - | 66 |

(സി) ആരോഗ്യവകുപ്പിൽ മൊത്തം 49 ഒഴിവുകളാണുള്ളത്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. സ്ഥാപനം തിരിച്ചുള്ള വേക്കൻസിയുടെ പൂർണ്ണവിവരം ശേഖരിച്ചുനൽകുന്നതാണ്.

((ഡി) വേക്കൻസികൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അന്യസംസ്ഥാന ഡിപ്ലോമ കോഴ്സുകളുടെ അംഗീകാരം**

**51 (1777)** ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനുപുറത്ത് പഠിച്ചതും പാരാ-മെഡിക്കൽ ബോർഡിന്റെ അംഗീകാരമുള്ളതുമായ ഡിപ്ലോമ ഇൻ എക്സ്റേ ആന്റ് ലാബ് ടെക്നീഷ്യൻ കോഴ്സുകൾക്ക് കേരള ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇത്തരം കോഴ്സുകളിൽ അന്യസംസ്ഥാനങ്ങളിൽനിന്നു പഠിച്ച് പാസ്സായവർക്ക് കേരളത്തിൽ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്ത ജോലിയിൽ പ്രവേശിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിനുപുറത്തുപഠിച്ച പാരാ മെഡിക്കൽ കോഴ്സുകൾക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ അംഗീകാരം നൽകിയിട്ടില്ല. നിർദ്ദിഷ്ട മാനദണ്ഡം പാലിച്ചാണോ കോഴ്സ് നടത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ അവർക്ക് സംസ്ഥാനത്ത് രജിസ്ട്രേഷൻ സൗകര്യം അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly